# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. JOSEPH MAR THOMA

Circular No. 348

**Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority**

Beloved in Christ,

All are aware that Mar Thoma – CSI – CNI Churches formed together and started an ecumenical movement in the name "Communion of Churches in India" (C.C.I). The movement carries on its activities by organizing programmes helpful to nurture mutual relationships among churches, to experience the unity in Christ at the local level and to co-operate with each other in fulfilling the mission.

Every year, on the second Sunday of November, the three churches observe the Day of prayer for Church Unity. This year it falls on Sunday, the 10th November. As part of the observance, in all our parishes sermons should be preached emphasizing Church unity, and wherever possible, the CSI, CNI and Mar Thoma parishes should try to organize joint worship services, Holy Communion, pulpit exchange of priests, joint prayer meetings, etc.

Let us pray that we may experience the guidance and the power of the Holy Spirit in greater measures so that the mission work carried out in India through the Christian Church may become fruitful more than ever before for the glory of God. Through our efforts for Church unity, may God help us to be more open and to possess a universal vision. May we be led in a spirit of universal brotherhood, to work towards the integration of the whole creation making all creation one in Christ.

Grace be with you all.

Dated 17th October 2019 from the Poolatheen, Tiruvalla

**Dr. Joseph Mar Thoma Metropolitan**

**മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ**
**ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും**

സർക്കുലർ നമ്പർ: 348

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരേ,

മാർത്തോമ്മാ, സി.എസ്.ഐ., സി.എൻ.ഐ. സഭകൾ ചേർന്ന് പ്രവർത്തിക്കുന്ന സഭൈക്യപ്രസ്ഥാനം Communion of Churches in India (C.C.I.) എന്ന പേരിൽ പ്രവർത്തിച്ചു വരികയാണല്ലോ. സഭകൾ തമ്മിലുള്ള ബന്ധം സുദൃഢമാക്കുന്നതിനും പ്രാദേശിക തലങ്ങളിൽ ക്രിസ്തുവിലുള്ള ഐക്യത അനുഭവപ്പെടുന്നതിനും ദൗത്യ നിർവഹണത്തിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനും സഹായകരമായ പരിപാടികൾ ക്രമീകരിച്ച് നടത്തിവരുന്നു.

എല്ലാവർഷവും നവംബർ മാസത്തിലെ രണ്ടാം ഞായറാഴ്ച സഭൈക്യ പ്രാർത്ഥനാദിനമായി മൂന്ന് സഭകളും ആചരിച്ചു വരികയാണല്ലോ. ഈ വർഷം അത് നവംബർ 10–ാം തീയതി ഞായറാഴ്ചയാണ്. അതിന്റെ ഭാഗമായി നമ്മുടെ എല്ലാ ഇടവകകളിലും സഭാ ഐക്യത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള വചനഘോഷണം നടത്തുകയും, സാദ്ധ്യമായ സ്ഥലങ്ങളിൽ സി.എസ്.ഐ., സി.എൻ.ഐ.,മാർത്തോമ്മ ഇടവകാംഗങ്ങളുടെ ഒരുമിച്ചുള്ള ആരാധന, വിശുദ്ധകുർബാന, പട്ടക്കാരുടെ Pulpit exchange, ഐക്യ പ്രാർത്ഥനാകൂട്ടങ്ങൾ തുടങ്ങിയവ ക്രമീകരിക്കുന്നതിന് ശ്രമിക്കണം

ഭാരതത്തിൽ ക്രൈസ്തവ സഭകളിൽകൂടെ നിർവ്വഹിക്കപ്പെടുന്ന പ്രേഷിത പ്രവർത്തനം ദൈവമഹത്വത്തിനായി പൂർവ്വാധികം ഫലപ്രദമായിത്തീരുവാൻ പരിശുദ്ധാത്മാവിന്റെ നടത്തിപ്പും ശക്തിയും വർദ്ധിച്ച അളവിൽ അനുഭവമാകട്ടെ എന്നു പ്രാർത്ഥിക്കാം. സഭൈക്യത്തിനായുള്ള നമ്മുടെ പരിശ്രമങ്ങൾ മുഖാന്തരം കൂടുതൽ വിശാലതയും വിശ്വദർശനവും ഉൾക്കൊള്ളുവാനും, വിശ്വസാഹോദര്യത്തിന്റെ മാനങ്ങൾ ഉൾക്കൊണ്ട് സകല സൃഷ്ടിയെയും ക്രിസ്തുവിൽ ഒന്നാക്കിതീർക്കുന്ന സൃഷ്ടിസമഗ്രതക്ക് വേണ്ടി പ്രവർത്തിക്കുവാനും ദൈവം നമുക്കിടയാക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2019 ഒക്ടോബർ 17–ാം തീയതി,

J. mmalabar.p

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**